**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1789** **04-02-2026 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിൽ ഗവ: പോളിടെക്നിക് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ ഗവ: പോളിടെക്നിക് കോളേജ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് കോളേജ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്; | (എ) | ഉണ്ട്. ചങ്ങരോത്ത് പഞ്ചായത്തിന്റെ അധീനതയിലുള്ള കല്ലൂരിൽ ആണ് കോളേജ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | കഴിഞ്ഞ ബജറ്റിൽ പ്രസ്തുത ആവശ്യത്തിന് എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; | (ബി) | കഴിഞ്ഞ ബജറ്റിൽ പ്രസ്തുത പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനായി 5 കോടി രൂപ അനുവദിക്കുകയും 1 കോടി രൂപ വകയിരുത്തുകയും ചെയ്തു. |
| (സി) | ഏതെല്ലാം കോഴ്സുകളാണ് ആദ്യമായി ആരംഭിക്കാനുദ്ദേശിക്കുന്നത്; അടുത്ത അദ്ധ്യായന വർഷം തന്നെ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമോ? | (സി) | പോളിടെക്നിക് കോളേജിന് ആവശ്യമായ പ്രാഥമിക, ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയ ശേഷം AICTE-യുടെ അപ്രൂവൽ പ്രോസസ് ഹാൻഡ്ബുക്കിലെ നിബന്ധനകൾക്ക് വിധേയമായി കോഴ്സുകളും അവയുടെ സിലബസും മറ്റ് രേഖകളും തയ്യാറാക്കി AICTE-യുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്.<br><br>ഇതിനായുള്ള നടപടികൾ സ്പെഷ്യൽ ഓഫീസർ മുഖേനെ ഏകോപിപ്പിച്ചു വരുന്നു. AICTE-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തൊട്ടടുത്ത അക്കാദമിക വർഷം തന്നെ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ